LIBRARY ARCHIVES Kerala Legislative Assembly

മിൽക്ക് ഫെസിലിറ്റേഷൻ സെന്റർ

97 (4448) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ മിൽക്ക് ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഇവിടെ എത്ര ജീവനക്കാരുണ്ടെന്നും എത്ര തസ്തിക ഒഴിഞ്ഞു കിടക്കുന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) ഒഴിവുള്ള തസ്തികകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇവിടത്തെ ആവശ്യത്തിന് പശുക്കളെ നൽകുന്ന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വനിതകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മയേറിയ ക്ഷീരോൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിന് വനിതാ ഗ്രൂപ്പുകൾക്ക് കോമൺ ഫെസിലിറ്റി സെന്റർ ലഭ്യമാക്കുക എന്നതാണ് അരൂർ മിൽക്ക് ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

(ബി & സി) ഒരു ക്ഷീര വികസന ആഫീസറെ വകുപ്പിൽനിന്നും തസ്തിക ഷിഫ്റ്റ് ചെയ്തുകൊണ്ട് പ്രോജക്ട് ഓഫീസർ ആയി നിയോഗിച്ചിട്ടുണ്ട്. പ്രത്യേകമായി തസ്തികകൾ ഒന്നും ഇതുവരെ സൃഷ്ടിച്ചിട്ടില്ല.

(ഡി) വനിതാ ഗ്രൂപ്പുകൾക്ക് കറവപ്പശുക്കളെ നൽകുന്ന കാര്യം പരിഗണനയിലാണ്.

നിരോധിച്ച പാൽ ബ്രാൻഡുകൾ

98 (4449) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടകരമായ രാസവസ്തുക്കൾ കലർത്തിയതിന്റെ പേരിലും ഗുണനിലവാരം ഇല്ലാത്തതിന്റെ പേരിലും ഏതെങ്കിലും ബ്രാൻഡുകളിലുള്ള പാലുകൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ ഓണക്കാലത്ത് സർക്കാർ നിരോധിച്ച പാലുകൾ ഏതെല്ലാമായിരുന്നു എന്നു വ്യക്തമാക്കുമോ ;